# ഗവൺമെൻ്റ് എൽ പി സ്കൂൾ മുത്തൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

************************************************************************************

**ആമുഖം**

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത്, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയവും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി മുത്തൂർ ഗവ : എൽ പി സ്കൂളിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജെക്ടുകളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവ: എൽ പി സ്കൂൾ മുത്തൂർ. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾക്കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മാസം മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സദ്ധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാദ്ധ്യത ഒരുക്കികൊണ്ട് ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

നമ്മുടെ സ്കൂളിലെ കുട്ടികൾ ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളയിൽ ഉപജില്ലാ തലത്തിൽ മികച്ച നിലവാരം കാഴ്ചവച്ചുവരുന്നു. അതിനു കരുത്തു പകരാൻ ഏറെ സഹായകരമായ രീതിയിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ അഭിമാനപൂർവം സമർപ്പിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| മേൽവിലാസം | മുത്തൂർ പി ഓ, തിരുവല്ല, പത്തനംതിട്ട |
| സ്കൂളിന്റെ പേര് | ഗവ: എൽ പി സ്കൂൾ, മുത്തൂർ |
| ഫോൺ നമ്പർ | 9447410037 |
| വിദ്യാഭ്യാസ ഉപജില്ല | തിരുവല്ല |
| വിദ്യാഭ്യാസ ജില്ല | പത്തനംതിട്ട |
| ബി ആർ സി | തിരുവല്ല |
| സി ആർ സി | തിരുവല്ല |
| മുൻസിപ്പാലിറ്റി | തിരുവല്ല |
| ബ്ളോക്ക് പഞ്ചായത്ത് | പുളിക്കീഴ് |
| ജില്ലാ പഞ്ചായത്ത് | പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | തിരുവല്ല |
| ലോക്സഭാ മണ്ഡലം | പത്തനംതിട്ട |
| താലൂക്ക് | തിരുവല്ല |
| വില്ലേജ് | കുറ്റപ്പുഴ |
| ഇമെയിൽ വിലാസം | glpsmuthoor@gmail.com |

*********************************************************************************

**ലക്ഷ്യങ്ങൾ**

- സമഗ്ര ഗുണമേന്മ പദ്ധതി ഉറപ്പാക്കുക
- ഓരോ ക്ലാസുകളിലും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്തുക
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- കുട്ടികളുടെ സർഗാത്മക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക.
- ഐ സി ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും, അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പിന്തുണാ പ്രവർത്തനങ്ങളും, പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- കുട്ടികൾക്ക് ലഹരിയുടെയും, മൊബൈൽ ഫോണിൻ്റെയും ഉപയോഗത്തിൻ്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുക.
- കുട്ടികളുടെ സമഗ്ര വിജ്ഞാന വികസനം ഉറപ്പാക്കുക.

*******************************************************************************

**പ്രശ്നങ്ങൾ വെല്ലുവിളികൾ**

**അക്കാദമികം**

- എല്ലാ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലിഷ് ഭാഷകളിൽ വായനക്കും ലേഖനത്തിനും അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
- ഗണിതത്തിൽ ചില കുട്ടികൾക്ക് ചതു ഷ്ക്രിയകൾ ചെയ്യാൻ കഴിയുന്നില്ല.
- പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

**ഭൗതികം**

- വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.
- സ്മാർട്ട് ക്ലാസ്സ് റൂമിൻ്റെ അഭാവം.
- കലാ കായിക പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ലഭ്യമല്ല.
- കുട്ടികളുടെ നിലവാരതിനനുസരിച്ചുള്ള കായിക ഉപകരണങ്ങൾ ഇല്ല.
- കുട്ടികൾക്ക് ആവശ്യമായ കളിസ്ഥലം സ്കൂളിനില്ല.

**സാമൂഹികം**

- ഭിന്നശേഷിക്കരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾക്ക് ആവശ്യമായ അവബോധം ഇല്ല.
- പ്രാദേശിക വിഭവ പഠനം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ
- സ്കൂളിൻ്റെ ചുറ്റുമതിൽ പൂർണമായി നിർമിക്കുക
- സ്മാർട്ട് ക്ലാസ്സ് റൂം നിർമിക്കുക
- കുട്ടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങൾ നൽകുക.
- പ്രീ പ്രൈമറി ക്ലാസുകളിലേക്കുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കുക.
- കുട്ടികളുടെ വിശ്രമ ഇടങ്ങൾ ശിശു സൗഹൃദമാക്കുക.

# ഗവൺമെൻ്റ് എൽ പി സ്കൂൾ മുത്തൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

*******************************************************************************

**വിദ്യാലയ പ്രൊഫൈൽ**

| ക്രമ നമ്പർ | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | മേൽവിലാസം |
|---|---|---|---|---|---|
| 1 | ബബിത മാത്യു | HM | BSc BEd | 23.03.1971 | കൊച്ചുവടക്കയിൽ, കുറ്റപ്പുഴ പി ഓ., തിരുവല്ല. |
| 2 | സുരഭി സിൽവരിയോസ് | LPST | BSc., TTC | 18.03.1985 | പുത്തൻപുരയ്ക്കൽ, ചെത്തി പി ഓ, ആലപ്പുഴ |
| 3 | ലേഖ എ | LPST | BA, TTC | 07.04.1984 | മേലേ കുഴിഞ്ഞാൻവിള വീട്, കാരോട് പി ഓ, തിരുവനന്തപുരം |
| 4 | സോണിയ വർഗീസ് | LPST | MA, BEd | 10.05.1078 | ആശാരി പറമ്പിൽ, തൃക്കൊടിത്താനം പി ഓ, കോട്ടയം |
| 5 | സുഭദ്ര ജി | PTCM | SSLC, TYPEWRITING HIGHER | 12.04.1969 | ദർശനം, പെരിങ്ങര പി ഓ, തിരുവല്ല |

**എസ് എം സി ഭാരവാഹികൾ**

ചെയർപേഴ്സൺ - ശ്രീമതി ഗീതു ശ്രീകുമാർ

വൈസ് പ്രസിഡൻ്റ് - ശ്രീ സ്വാലാഹ് സലാം

കമ്മറ്റി അംഗങ്ങൾ -ശ്രീമതി റീത്ത ഏലിയാമ്മ ചാക്കോ

-ശ്രീമതി വിധു എ

-ശ്രീമതി അമ്പിളി മനോജ്

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

LP തലം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷ ശേഷി - വായന, ലേഖനം വികസനം | കുട്ടികളുടെ മലയാള ഭാഷയിലെ അടിസ്ഥാന ശേഷി മുന്നറിവ് പരിശോധിക്കുന്നു.<br>മെന്ററിങ് സിസ്റ്റം - കുട്ടികൾക്ക് വ്യക്തിഗതം മേൽനോട്ടം നൽകുന്നു | ജൂൺ മുതൽ | SRG<br>ക്ലാസ് ടീച്ചർ | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു. | വായനയിലും ലേഖനത്തിലും മെച്ചപ്പെട്ട നിലവാരം ഉയരുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | |
| അനുയോജ്യമായ വ്യവഹാരരൂപങ്ങൾ വായന | വായന കാർഡുകൾ, ചെറുകഥ പുസ്തകങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയുടെ ഉപയോഗം. | | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |
| വായനോത്സവം | വായനദിനാചരണം<br>ക്ലാസ് ഒരു വായന കൂട്<br>വീട് ഒരു വായന കൂട് | | | |

| | | | |
|---|---|---|---|
| ലേഖനം | ചിത്ര രചനയിലൂടെയും എഴുത്തിലൂടെയും ലഘു രചനയിലേക്ക് നയിക്കുന്ന വ്യത്യസ്ത പഠന തന്ത്രങ്ങൾ. | ജൂൺ - മാർച്ച് | |
| സചിത്രനോട്ട്ബുക്ക് | രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര നോട്ട്ബുക്ക് തയ്യാറാക്കൽ. | | ക്ലാസ് ടീച്ചർ രക്ഷിതാവ് |
| സംയുക്ത ഡയറി | കുട്ടിയുടെ ദൈനംദിന അനുഭവങ്ങൾ രക്ഷിതാവും കുട്ടിയും ചേർന്ന് തയ്യാറാക്കുന്നു | | |
| പാട്ടരങ്ങ് | കവിതകൾ വ്യത്യസ്തമായ ഈണത്തിലും താളത്തിലും ചൊല്ലുന്നു. | | |
| ദിനാചരണങ്ങൾ | ഓരോ ദിനാചരണങ്ങൾക്ക് അനുസരിച്ചുള്ള പോസ്റ്റർ തയ്യാറാക്കൽ.<br>പതിപ്പ് നിർമ്മാണം.<br>ജീവചരിത്ര കുറിപ്പ് | | SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| പുസ്തകാസ്വാദനം | ആസ്വാദന കുറിപ്പ് തയ്യാറാക്കൽ. | ജനുവരി | |
| രചനോത്സവം | കുട്ടികളുടെ സർഗാത്മക ശേഷികൾ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ സാങ്കേതിക പിന്തുണയോടെ നടപ്പിലാക്കൽ | ഫെബ്രുവരി | |

| | | | | |
|---|---|---|---|---|
| ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. | സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു | മാർച്ച് | ക്ലാസ് ടീച്ചർ PSITC | |
| | കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു. | | | |
| പുസ്തക പ്രകാശനം | കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു. | | SRG ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കേൾക്കുവാനുള്ള അവസരം ഒരുക്കുക. | ക്ലാസ് തല പ്രവർത്തനങ്ങളെല്ലാം ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കുക. സംഭാഷണം, വിവരണം (ചിത്രം), കളികൾ, ആംഗ്യപാട്ട്, Rhymes, ഓഡിയോ | ജൂൺ മാർച്ച് | SRG ക്ലാസ് ടീച്ചർ | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം നൽകൽ | ഇംഗ്ലീഷ് ഭാഷ കളിയുടെ നിർദ്ദേശങ്ങൾ നൽകുക. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക. ലഘു നാടകങ്ങൾ പുസ്തകത്തെ അടിസ്ഥാനമാക്കി നടത്തുക. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഉച്ചാരശുദ്ധമായി വായിക്കാനുള്ള ശേഷി വർധിപ്പിക്കൽ | ഇംഗ്ലീഷ് പത്രം വായന. ലൈബ്രറി പുസ്തക വായന. ഇംഗ്ലീഷ് ചിത്ര കഥകൾ വായിക്കുക. കഥ പുസ്തക വായന. | ആഴ്ചയിൽ ഒന്ന് | ലൈബ്രറി ചാർജുള്ള ടീച്ചർ ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തെറ്റില്ലാതെ എഴുതാനുള്ള ശേഷി മെച്ചപ്പെടുത്തൽ | പദസമ്പത്ത് വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക. കുട്ടിയുടെ ദൈനംദിന അനുഭവങ്ങൾ | ജൂൺ- മാർച്ച് | | |

| | | | |
|---|---|---|---|
| | ഇംഗ്ലീഷ് ഡയറിയായി എഴുതുക.<br>എന്റെ ഡിക്ഷ്ണറി തയ്യാറാക്കുക.<br>റീഡിംഗ് കാർഡുകൾ സ്വന്തമായി തയ്യാറാക്കുക. | | |
| സർഗാത്മക പരിപോഷണം | വ്യത്യസ്തമായ വ്യവഹാര രൂപങ്ങളായി ഇംഗ്ലീഷ് പാഠഭാഗത്തെ അവതരിപ്പിക്കുക.<br>സർഗവേളയിൽ ഇവ അവതരിപ്പിക്കൽ<br>ഇംഗ്ലീഷ് ഭാഷയിൽ പോസ്റ്ററുകൾ, പതിപ്പുകൾ നിർമിക്കുക. | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ |
| റീഡേഴ്സ് തിയേറ്റർ | കുട്ടികളിലെ സർഗാത്മക കഴിവ് വളർത്തുന്നു.<br>സ്ക്രിപ്റ്റ് തയ്യാറാക്കുക.<br>സ്വയം ആവിഷ്കാരത്തോടുകൂടി അവതരണം. | | SRG ക്ലാസ്ടീച്ചർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | സംഖ്യാബോധം ഉറപ്പിക്കുക. ഗണിതകിറ്റ് തയ്യാറാക്കുക. ആരോഹണ അവരോഹണക്രമം മനസ്സിലാക്കുക. സംഖ്യാ ചാർട്ടുകൾ രൂപീകരിക്കുക. | ജൂൺ - ആഗസ്റ്റ് | SRG ക്ലാസ് ടീച്ചർ | |
| ശിശു സൗഹൃദ ഗണിത ക്ലാസ്സ് റൂം - ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഉല്ലാസ ഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ സ്വായത്തമാക്കുന്നു. | സെപ്റ്റംബർ മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ചതുഷ്ക്രിയകൾ ചെയ്യാനുള്ള പ്രാപ്തി നേടുന്നു. പ്രായോഗിക പ്രശ്നങ്ങൾ അവഗ്രഹിക്കുന്നു. നിർദ്ധാരണം ചെയ്യുന്നു | | | |
| പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കുക. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിതാശയങ്ങൾ കളികളിലൂടെയും പാട്ടുകളിലൂടെയും വർക്ക്ഷീറ്റുകളിലൂടെയും ഉറപ്പിക്കുന്നു | | SRG ക്ലാസ് ടീച്ചർ | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസിലാക്കുക.<br>പരിസര ശുചിത്വം പാലിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.<br>നമ്മുടെ ചുറ്റുമുള്ള മലിനീകരണ പ്രശ്നങ്ങൾ തിരിച്ചറിയുക.<br>പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.<br>പുനരുപയോഗ സാധ്യതകൾ കണ്ടെത്തുക. | ജൂൺ - മാർച്ച് | SRG<br>ക്ലാസ്ടീച്ചർ<br>രക്ഷിതാവ് | |
| പരിസരപഠനത്തിൽ താൽപര്യം വളർത്തുക<br>ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.<br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ, സാധ്യതകൾ പ്രയോജനപ്പെടുത്തുക. | പ്രകൃതി പഠന യാത്രകൾ, ശാസ്ത്രപ്രദർശനങ്ങൾ, ലഘു പരീക്ഷണങ്ങൾ<br>ദിനാചരണങ്ങൾ. ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ രേഖപ്പെടുത്തൽ.<br>ശാസ്ത്രമാഗസിൻ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ശാസ്ത്ര ജേർണലുകൾ പരിചയപ്പെടൽ | | PTA<br>ക്ലാസ്ടീച്ചർ | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| കലാ കായിക പ്രവൃത്തിപരിചയ മേഖലയിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയുക. | സ്കൂൾ തല പ്രവർത്തനങ്ങൾ നടത്തി ഓരോ കുട്ടിയുടെയും സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി പരിശീലനം നൽകുക. | ജൂൺ-മാർച്ച് | SRG<br>PTA<br>ക്ലാസ് ടീച്ചർ<br>സമൂഹം | |
| കുട്ടികൾക്ക് പരിശീലനം നൽകുക. | പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക. | | | |
| തുടർ പ്രവർത്തനങ്ങൾ നൽകുക | PTAയുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലനം നൽകുക. | | | |
| ഉപജില്ലാ മേളകളിൽ പങ്കെടുപ്പിക്കുക. | അധ്യാപകരുടെയും രക്ഷിതാക്കളുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുക. | ഒക്ടോബർ-നവംബർ | | |